കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 11 | സെപ്റ്റംബർ 30 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 ജീവാണു വളങ്ങൾ

5 പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന് സർക്കാർ അനുമതി

6 തെരുവുനായ്ക്കളെ പിടിക്കൽ, കുടുംബശ്രീക്കാർക്ക് പരിശീലനം തുടങ്ങി

## ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സർക്കാർ അനുമതി

### കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കൃഷി -മൃഗസംരക്ഷണ -ക്ഷീര വികസന വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചതായി കൃഷിമന്ത്രി ശ്രീ. പി പ്രസാദ് അറിയിച്ചു. 2021 സെപ്റ്റംബർ 2 ലെ 74/2021 നമ്പർ ഉത്തരവ് പ്രകാരം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി കൃഷിവകുപ്പ് അഡിഷണൽ സെക്രട്ടറി അധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുകയും ഈ സമിതി സമയബന്ധിതമായി സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സമിതി മുന്നോട്ടുവച്ച ശുപാർശമേൽ ധനകാര്യ വകുപ്പ് അനുകൂല തീരുമാനമെടുക്കുകയും ഇത് പ്രകാരം ഫാം തൊഴിലാളികളുടെ ശമ്പള സ്കെയിൽ 23000-50200 മുതൽ 26500-60700 വരെ (പഴയത് 16500-35700 മുതൽ 19000-43600)



ആക്കി പുതുക്കി നിശ്ചയിക്കുന്നതിന് അനുമതി നൽകിയിരിക്കുകയുമാണ്. ശമ്പള പരിഷ്കരണത്തിന് 2019 ജൂലൈ ഒന്ന് മുതലുള്ള പ്രാബല്യം ലഭിക്കും. ഡി എ ഒഴികെയുള്ള പ്രതിമാസ അലവൻസുകളുടെ പ്രാബല്യ തീയതി 2021 മാർച്ച് ഒന്നായിരിക്കും. ഇതോടൊപ്പം തന്നെ കാഷ്വൽ തൊഴിലാളികളുടെ വേതനവും പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. 5 വർഷം വരെ സർവീസ് കാലാവധി ഉള്ളവർക്ക് 900 രൂപയും അഞ്ചു മുതൽ 15 വർഷം വരെയുള്ളവർക്ക് 920 രൂപയും 15 വർഷത്തിന് മുകളിലുള്ളവർക്ക് 930 രൂപയും ആയിരിക്കും വേതനം. കാഷ്വൽ തൊഴിലാളികൾക്ക് സർക്കാർ ജീവനക്കാർക്ക് കലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷാമബത്ത അതേ നിരക്കിലും രീതിയിലും നൽകുന്നതായിരിക്കുമെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളിലെ 2982 സ്ഥിര തൊഴിലാളികൾക്കും 1004 കാഷ്വൽ തൊഴിലാളികൾക്കും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കും.

## മൂല്യവർധിത കൃഷി മിഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു - കർഷക വരുമാന വർദ്ധനവ് പ്രധാനലക്ഷ്യം

### കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉത്പാദനക്ഷമത വർധിപ്പിക്കുകയും കൃഷി ഉൽപ്പന്നങ്ങൾ അടിസ്ഥാനപ്പെടുത്തി മൂല്യവർധന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുകയും കാർഷിക ഉൽപ്പന്നങ്ങൾക്കും, മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും, തദ്ദേശീയമായും ദേശീയമായും അന്തർദേശീയമായും വിപണന ശൃംഖല വിക

ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. സരിതാ വിജയൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

സിപ്പിക്കുന്നതിനും മേൽ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് മൂല്യവർദ്ധിത കൃഷി മിഷൻ രൂപീകരിക്കുന്നതെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് പത്രസമ്മേളനത്തിൽ അറിയിച്ചു.

പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്ന ഉൽപാദന/ നിർമ്മാണ പ്രക്രിയകൾ, വിപണനം, സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സമാനവും എന്നാൽ വ്യത്യസ്തമല്ലാത്തതുമായ ഉൽപ്പന്നങ്ങൾക്ക് പ്രീമിയം നൽകാനുള്ള ഉപഭോക്താവിന്റെ സന്നദ്ധത വർധിപ്പിക്കുന്നതിലൂടെ ഉത്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിലാണ് മിഷൻ ശ്രദ്ധകേന്ദ്രീകരിക്കുന്നത്.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം,വിപണി, സ്ഥാപന പരം, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തി അതുവഴി മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി മിഷൻ കൈക്കൊള്ളും. ഇതിനായി മിഷൻ പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും പ്രവർത്തനം നടത്തുകയും ചെയ്യും. കാർഷിക വ്യവസായം, സാങ്കേതികവിദ്യ വിജ്ഞാന ശേഖരണവും ആയതിന്റെ ഉപയോഗപ്പെടുത്തൽ, വിപണനം, ധനകാര്യം തുടങ്ങിയ മേഖലകളിൽ ഊന്നിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുക.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഇതിനകം തന്നെ 25000ത്തിലധികം കൃഷി കൂട്ടങ്ങൾ ഉണ്ടായിക്കഴിഞ്ഞു. ഇതിൽ 80 ശതമാനവും ഉൽപാദന മേഖലയിൽ ആണ്. 20 ശതമാനം മൂല്യവർധന മേഖലയിലാണ്. മൂല്യവർധിത കൃഷി മിഷന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ ഇവിടെയാണ് ഉണ്ടാവുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷിയിലേക്കായിരിക്കും ഉൽപാദന മേഖലയിലുള്ള 'കൃഷി കൂട്ടങ്ങൾ' പ്രഥമ പരിഗണന നൽകുക. മൂല്യവർദ്ധിത മേഖലയിലുള്ള കൃഷി കൂട്ടങ്ങൾക്കു പ്രാദേശികമായ പിന്തുണ ഇക്കാര്യത്തിൽ നൽകും. ഗുണനിലവാരമുള്ളതും ആരോഗ്യ പൂർണ്ണവുമായ കാർഷിക ഉൽപ്പന്നങ്ങൾ ഇതുവഴി ഉണ്ടാക്കുവാൻ സാധിക്കും

.ഉൽപാദന മേഖലയിൽ ഏറെക്കുറെ മുന്നേറുവാൻ സാധ്യമായെങ്കിലും വിപണന മേഖലയിലും മൂല്യവർദ്ധിത മേഖലയിലും കൂടുതൽ ഇടപെടൽ ആവശ്യമുണ്ട്.

കൃഷി കൂട്ടങ്ങളുടെ വരവോടെ വിപണന മേഖലയിലും മൂല്യവർധന മേഖലയിലും കൂടുതൽ കർഷകരുടെ പങ്കാളിത്തം ലക്ഷ്യമിടുകയാണ്.

ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില ഉറപ്പാക്കാൻ സംഭരണവും അടിസ്ഥാന വിലയും സർക്കാർ ഉറപ്പാക്കുന്നുണ്ടെങ്കിലും ഉൽപ്പന്നങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തുവാൻ സാധ്യമാകാത്തതിനാൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു.

വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ (VAAM) പ്രവൃത്തിപഥത്തിൽ വരുന്നതോടെ ഈ കാര്യത്തിന് പരിഹാരം ആകുകയാണ് എന്നും മന്ത്രി പറഞ്ഞു.

പ്രധാനമായും മിഷൻ ഫോക്കസ് ചെയ്യുന്ന മേഖലകൾ

- സമാഹരണ പ്രവർത്തനങ്ങൾ, സ്റ്റാൻഡേർഡൈസേഷൻ, ഗുണനിലവാര നിയന്ത്രണം, ബ്രാൻഡിംഗ്, ലേബലിങ് എന്നിവ ഉറപ്പുവരുത്തി മികച്ച ആഭ്യന്തര വിദേശ വിപണിക്കു വേണ്ടിയുള്ള ആസൂത്രണം.
- വിജ്ഞാനപ്രദമായ സാങ്കേതികവിദ്യകളുടെ വിന്യാസം, ട്രേസബിലിറ്റി മെക്കാനിസത്തിന്റെ വികസനം, IOT, ബ്ലോക്ക് ചെയിൻ എന്നിവ ഉപയോഗിച്ചുള്ള സ്മാർട്ട് ക്രോപ്പ് ഇൻഷ്വറൻസ്, അനുയോജ്യമായ യന്ത്രങ്ങളുടെ പ്രചാരണം, നൂതന യന്ത്രവൽക്കരണം, ബഹിരാകാശ അധിഷ്ഠിത സാങ്കേതികവിദ്യകളുടെ ഉപയോഗം
- ദ്രുതഗതിയിലുള്ള വിജ്ഞാന വ്യാപനം, പ്രശ്നപരിഹാരം എന്നിവ ഉറപ്പാക്കുന്ന നൂതന ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു കോമൺ നോളഡ്ജ് പ്ലാറ്റ്ഫോം.
- വിപണന മൂല്യവർദ്ധിത മേഖലകളിലെ ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളുടെയും ( കൃഷി, വ്യവസായം, തദ്ദേശസ്വയംഭരണം) വകുപ്പുകളുടെയും പദ്ധതികൾ (KIIFB, KERA, RKI, RIDF) ഇതിനായി ഉപയോഗപ്പെടുത്തും.




വ്യവസായ വകുപ്പിന്റെയും നോർക്കയുടെയും സഹായത്തോടെ കേരളത്തെ ഗൾഫിലെ അടുക്കളയും മിഡിൽ ഈസ്റ്റ് രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റ് ആയും വിഭാവനം ചെയ്ത് കേരളത്തിന്റെ തനത് ആഹാരങ്ങൾ അന്തർദേശീയ അടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്യാൻ ഈ മിഷൻ വിഭാവനം ചെയ്യുന്നു.

മുഖ്യമന്ത്രി അധ്യക്ഷനായും കൃഷി വകുപ്പ് മന്ത്രിയും വ്യവസായ വകുപ്പ് മന്ത്രിയും ഉപാധ്യക്ഷൻ മാരായും ധനകാര്യ-തദ്ദേശസ്വയംഭരണ-സഹകരണ-ജലവിഭവ-മൃഗസംരക്ഷണ- ഫിഷറീസ്-വൈദ്യുതി -പൊതുവിതരണ വകുപ്പ് മന്ത്രിമാർ അംഗങ്ങളായുള്ള വിദഗ്ധ സംഘങ്ങളുടെ വർക്കിംഗ് ഗ്രൂപ്പുകളും വിഭാവനം ചെയ്തിരിക്കുന്നു. മിഷന് സംസ്ഥാനതലത്തിൽ കോർഡിനേറ്ററും ചീഫ് ഓപ്പറേറ്റിങ് ഓഫീസറും ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി.

# ജീവാണു വളങ്ങൾ

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

സൂക്ഷ്മ ജീവാണുക്കളെ സസ്യങ്ങളുമായി സംയോജിപ്പിച്ച് അന്തരീക്ഷത്തിലും മണ്ണിലുമുള്ള പ്രധാനപ്പെട്ട സസ്യ മൂലകങ്ങളെയും, ധാതുക്കളെയും ചെടികൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ജീവാണു വളങ്ങൾ ഉപയോഗിക്കുന്നത്. ധാരാളം ജൈവാംശമുള്ള അവസ്ഥയിൽ മാത്രമേ ഇത്തരം സൂക്ഷ്മാണുക്കൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ ജൈവകൃഷിയിൽ ഇവയെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. പ്രധാനമായും നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ ലഭ്യമാക്കുവാനാണ് ജീവാണു വളങ്ങളെ പ്രയോജനപ്പെടുത്തുന്നത്. പ്രധാനമായും ഉപയോഗിക്കുന്ന ജീവാണു വളങ്ങൾ ഏതെല്ലാമെന്നും അവയുടെ ഉപയോഗ രീതിയും പരിശോധിക്കാം.



## നൈട്രജനെ സംഭരിക്കുന്ന സൂക്ഷ്മാണുക്കൾ

അന്തരീക്ഷത്തിലെ നൈട്രജനെ വലിച്ചെടുത്ത് സംഭരിക്കുന്ന വിഭാഗത്തിൽ പെടുന്നവയാണ് ഈ സൂക്ഷ്മാണുക്കൾ. റൈസോബിയം, അസറ്റോബാക്ടർ, അസോസ്പൈറില്ലം എന്നിവയാണ് പ്രധാനമായും നൈട്രജൻ ലഭ്യതയ്ക്കായി ഉപയോഗിക്കുന്ന ജീവാണുക്കൾ.

### A. റൈസോബിയം

പയറുവർഗ്ഗ വിളകളിലാണ് റൈസോബിയം സൂക്ഷ്മാണുക്കളെ സാധാരണയായി ഉപയോഗിക്കുന്നത്. ഈ ജീവാണുക്കൾ അന്തരീക്ഷത്തിലെ നൈട്രജനെ ആഗിരണം ചെയ്യുവാൻ കഴിവുള്ള മുഴകൾ പയറുവർഗ വിളകളുടെ വേരുകളിൽ ഉണ്ടാക്കുന്നു.

വിത്തിൽ പുരട്ടിയാണ് റൈസോബിയം സാധാരണയായി ഉപയോഗിക്കുന്നത്. 50 സെന്റ് സ്ഥലത്ത് നടുവാൻ വേണ്ട വിത്തിൽ പുരട്ടുവാൻ ഏകദേശം 100 ഗ്രാം ജീവാണു വളം ആവശ്യമാണ്. ഇത് കാൽ ലിറ്റർ വെള്ളത്തിലോ കഞ്ഞി വെള്ളത്തിലോ കലർത്തുക. ആവശ്യമായ വിത്തുമായി ചേർത്ത് നല്ലതുപോലെ ഇളക്കിയ ശേഷം 20 മിനിറ്റ് തണലത്ത് ഉണക്കി നനവുള്ള മണ്ണിൽ വിതയ്ക്കാവുന്നതാണ്. റൈസോബിയം പുരട്ടിയ വിത്തുകൾ വെയിൽ കൊള്ളിക്കുകയോ 24 മണിക്കൂറിൽ കൂടുതൽ നേരം സൂക്ഷിച്ചു വയ്ക്കുകയോ ചെയ്യാൻ പാടില്ല.



### B.അസറ്റോബാക്ടർ

കര പ്രദേശങ്ങളിൽ പ്രത്യേകിച്ച് നീർ വാർച്ചയുള്ള പ്രദേശത്തെ വിളകൾക്ക് ഉപയോഗിക്കുവാൻ പറ്റുന്ന ജീവാണു വളമാണ് അസറ്റോബാക്ടർ. ഇവ അന്തരീക്ഷത്തിലുള്ള നൈട്രജൻ സ്വീകരിച്ച് അമോണിയ രൂപത്തിലാക്കി സാവധാനം ചെടികൾക്ക് ലഭ്യമാക്കുന്നു. വിത്തിൽ പുരട്ടിയും പറിച്ചു നടുന്ന ചെടികളുടെ വേരിൽ മുക്കിയും ഇത് ഉപയോഗിക്കാവുന്നതാണ്. ചാണകപ്പൊടിയും മണ്ണും ചേർത്ത് പാടത്ത് വിതറിയും ഈ സൂക്ഷ്മാണു വളം ഉപയോഗിക്കാം.

### C. അസോസ്പൈറില്ലം

താഴ്ന്ന പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും കൃഷി ചെയ്യുമ്പോൾ ഉപയോഗിക്കുവാൻ പറ്റുന്ന ഒരു സൂക്ഷ്മാണു വളമാണ് അസോസ്പൈറില്ലം.



മണ്ണിൽ വേരുകളോട് പറ്റിയിരിക്കുകയും വേരുകളിലൂടെ ചെടികളിൽ പ്രവേശിക്കുകയും ചെയ്യുന്ന ഇവ നൈട്രജൻ സംഭരിക്കുന്നതിന് പുറമേ വളർച്ചാ ഹോർമോണുകൾ, വിറ്റാമിനുകൾ, എൻസൈമുകൾ എന്നിവ ഉത്പാദിപ്പിക്കുകയും ചെടികളുടെ മൊത്തത്തിലുള്ള വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ഇനി ഇവ എങ്ങനെ വിളകളിൽ ഉപയോഗിക്കാം എന്ന് നോക്കാം. ആദ്യത്തേത് വിത്തിൽ പുരട്ടുന്ന രീതിയാണ്.

ഒരു കിലോഗ്രാം വിത്തിൽ പുരട്ടുന്നതിന് ഏകദേശം 50 ഗ്രാം ജീവാണവളം മതിയാകും. കാൽ ലിറ്റർ വെള്ളത്തിലോ അത്രയും തന്നെ അളവിൽ പത്ത് ശതമാനം വീര്യമുള്ള ശർക്കര ലായനിയിലോ കലർത്തി, അതിനുശേഷം ആവശ്യമായ വിത്തുമായി ചേർത്ത് ഇവ നല്ലതുപോലെ ഇളക്കി യോജിപ്പിക്കണം. ജീവാണവളം ചേർത്ത വിത്ത് വെയിലത്ത് വെച്ച് ഉണക്കുവാൻ പാടില്ല.

രണ്ടാമത്തെ രീതി തൈകളിൽ പുരട്ടിയുള്ള ഉപയോഗ രീതിയാണ്. ഒരു കിലോഗ്രാം വിത്തിൽ നിന്നും ലഭിക്കുന്ന തൈകളുടെ വേരുകളിൽ പുരട്ടുന്നതിന് 100 ഗ്രാം ജീവാണവളം കാൽ ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി മതി. പറിച്ചുനടുന്ന സമയത്ത് തൈകളുടെ വേരുകൾ ഇങ്ങനെ തയ്യാറാക്കിയ ലായനിയിൽ 20 മിനിറ്റ് നേരം മുക്കിവെച്ച ശേഷം നടാവുന്നതാണ്.

നേരിട്ട് മണ്ണിൽ ചേർത്ത് ഉപയോഗിക്കുന്നതാണ് മൂന്നാമത്തെ രീതി. ജീവാണ വളം മണ്ണിൽ ചേർത്ത് കൊടുക്കുവാനാണെങ്കിൽ1:25 എന്ന അനുപാതത്തിൽ ഉണക്കിപ്പൊടിച്ച കാലി വളവുമായി മിക്സ് ചെയ്യണം. ഈ മിശ്രിതം ആറുമാസം കാലദൈർഘ്യമുള്ള വിളകൾക്ക് ഹെക്ടറിന് ഒന്നുമുതൽ 2 കിലോഗ്രാം വീതവും, കൂടുതൽ ദൈർഘ്യമുള്ള വിളകൾക്ക് രണ്ടു മുതൽ നാല് കിലോഗ്രാം വീതവും ചേർത്ത് കൊടുക്കാം. വിതയ്ക്കുന്നതിനു മുമ്പോ, തൈകൾ പറിച്ച് നടുന്നതിന് മുമ്പോ, ഇട ഇളക്കുന്ന സമയത്തോ മണ്ണിൽ ചേർത്തു കൊടുക്കാം. മണ്ണിൽ ചേർക്കുന്ന സമയത്ത് മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം.

## ഫോസ്ഫോ ബാക്ടീരിയ

ഇത്തരം ബാക്ടീരിയകൾക്കു മണ്ണിൽ അടങ്ങിയിരിക്കുന്ന ഫോസ്ഫേറ്റിനെ ചെടികൾക്കു വലിച്ചെടുക്കാവുന്ന രൂപത്തിലാക്കി നൽകാൻ കഴിയും. കേരളത്തിലെ മണ്ണിൽ അമ്ലത കൂടിയിരിക്കുന്നതിനാൽ ചെടികൾക്ക് ഫോസ്ഫേറ്റിനെ പലപ്പോഴും നേരിട്ട് വലിച്ചെടുക്കാൻ കഴിയാറില്ല. പ്രശ്നം പരിഹരിക്കുന്നതിനായി ഫോസ്ഫറസ് ബാക്ടീരിയകൾ, വിത്തിൽ പുരട്ടിയോ, തൈകളുടെ വേരുകൾ ലായനിയിൽ മുക്കിയോ നേരിട്ടു മണ്ണിൽ ചേർത്തോ നൽകാം.

**1. വിത്തിൽ പുരട്ടിയുള്ള ഉപയോഗം**

250 ഗ്രാം പൊടി രൂപത്തിൽ ലഭിക്കുന്ന ഫോസ്ഫോ ബാക്ടീരിയ 150 -200 മി. ലി കഞ്ഞി വെള്ളത്തിൽ കലക്കി വിത്ത് 30 മിനിറ്റ് മുക്കി വയ്ക്കുക. വിത്ത് പുറത്തെടുത്ത് തണലിൽ ഉണക്കി നടാൻ ഉപയോഗിക്കാവുന്നതാണ്.

**2. നഴ്സറിയിൽ ഉപയോഗിക്കുന്ന രീതി**

പറിച്ചുനടുന്ന വിളകൾക്ക് നേഴ്സറി തയ്യാറാക്കുമ്പോൾ ചാണകവുമായി കലർത്തി തവാരണയിൽ ഇടുക. ഒരു ഏക്കർ സ്ഥലത്തേക്ക് ആവശ്യമായ നഴ്സറിയിൽ 800 ഗ്രാം പൊടി മതിയാകും.

**3. തൈകൾ മുക്കുന്ന വിധം**

തൈകൾ പൊടി കലക്കിയ ലായനിയിൽ മുക്കി 5 -10 മിനിറ്റുകൾ വച്ചതിനുശേഷം നടുക. ബാക്കി ലായനി തൈകളുടെ ചുവട്ടിൽ ഒഴിക്കുക.

**4. പറമ്പിൽ ഉപയോഗിക്കുമ്പോൾ**

പറമ്പിൽ മൊത്തമായോ, ചെടികളുടെ ചുവട്ടിലോ ഇട്ടു കൊടുക്കുമ്പോൾ ചാണകവുമായി കലർത്തി ഉപയോഗിക്കുക.



## ആർബസ്ക്കുലാർ മൈക്കോറൈസ

മണ്ണിൽ ഫോസ്ഫറസ് വളങ്ങളുടെ ലഭ്യത കൂട്ടുകയും ചെടികളുടെ വേര് തഴച്ച് വളരാൻ സഹായിക്കുകയും ചെയ്യുന്ന കുമിളുകളാണിവ. വേരിനോട് ചേർന്ന് വേരിന്റെ ഭാഗമായി മാത്രമേ ഇവ ജീവിക്കുന്നുള്ളൂ. മണ്ണിൽനിന്നും ഫോസ്ഫറസിനെ വലിച്ചെടുത്ത് ഇവ സൂക്ഷിക്കുന്നു. ഈ ഫോസ്ഫറസിനെ ചെടിക്ക് വിട്ടുകൊടുക്കുകയും, ഇവയ്ക്ക് ആവശ്യമായ അന്നജം ചെടിയിൽ നിന്ന് സ്വീകരിക്കുകയും ചെയ്യുന്നു. ചെടികൾക്ക് രോഗപ്രതിരോധ ശക്തി നൽകുവാനും ഇതു സഹായിക്കുന്നു.

## പൊട്ടാഷ് ബാക്ടീരിയ

പൊട്ടാസ്യത്തെ ലയിപ്പിച്ച് ചെടികൾക്ക് നൽകാൻ കഴിയുന്ന ബാക്ടീ






രിയ കൾച്ചറുകളും ഇന്ന് ലഭ്യമാണ്. വിളവിൽ 20% വരെ വർധനയുണ്ടാക്കാൻ കഴിയുന്ന ഈ ബാക്ടീരിയ കൾച്ചർ വിത്തിൽ പുരട്ടിയോ, വേരുകൾ മുക്കിയോ നേരിട്ടോ ഉപയോഗിക്കാം. ഒരു കിലോ ബാക്ടീരിയൽ കൾച്ചർ 200-500 കി. ഗ്രാം ജൈവവളവുമായി ചേർത്ത് ഒരു ഏക്കർ മണ്ണിൽ ഉപയോഗിക്കാവുന്നതാണ്.

### പി.ജി.പി. ആർ മിക്സ് (Plant Growth Promoting Rizobacteria mix)

അസറ്റോബാക്ടർ,ഫോസ്ഫോ ബാക്ടീരിയ, ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവയുടെ ഒരു മിശ്രിത മാണിത്.സസ്യവളർച്ചയ്ക്കാവശ്യമായ സസ്യപോഷകങ്ങൾ ലഭ്യമാക്കുക,രോഗ ഹേതുക്കളായ ബാക്ടീരിയ, കുമിളകൾ എന്നിവയെ നശിപ്പിക്കുക മുതലായവ ഈ മിശ്രിതം ഉപയോഗിക്കുക വഴി സാധ്യമാകുന്നു. വിത്തിൽ കലർത്തിയോ (80 ഗ്രാം/ 1 കിലോഗ്രാം വിത്ത്) തൈകളുടെ വേരുകൾ മിശ്രിത ലായനിയിൽ മുക്കിയോ കൃഷിയിടത്തിൽ നേരിട്ടോ ( 4 കിലോഗ്രാം മിശ്രിതം 100 കിലോഗ്രാം ജൈവവളവുമായി കലർത്തി ഒരാഴ്ചയ്ക്കുശേഷം ഉപയോഗിക്കുക) തുള്ളിനന വഴിയോ 10 കിലോഗ്രാം -/200 ലിറ്റർ വെള്ളം) ഉപയോഗി ക്കാവുന്നതാണ്.

ജീവാണു വളങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേ ണ്ട കാര്യങ്ങൾ

1. ജീവാണുവളങ്ങളും രാസവളങ്ങളുമായി ഒരുമിച്ച് കലർത്തി ഉപയോഗിക്കരുത്.
2. ജീവാണുവളങ്ങൾ പുരട്ടിയ തൈകൾ വെയിൽ കൊള്ളിക്കരുത്.
3. 24 മണിക്കൂറിനുള്ളിൽ ജീവാണുവളങ്ങൾ പുരട്ടിയ വിത്തോ തൈകളോ നടാൻ ഉപയോഗിക്കേണ്ടതാണ്.
4. വിപണിയിൽ ലഭ്യമായ ജീവാണുവളങ്ങൾ മണ്ണിൽ ഉപയോഗിക്കുമ്പോൾ ജൈവ വളവുമായി കലർത്തി ഉപയോഗിക്കുക.

മണ്ണിലെ അമ്ലത 5 -6 എന്ന തോതിൽ ക്രമീകരിച്ചാൽ നല്ല പ്രയോജനം ലഭിക്കും

ജീവാണു വളങ്ങൾ മണ്ണിൽ ഉപയോഗിക്കുമ്പോൾ മണ്ണിൽ ഈർപ്പം ഉണ്ടായിരിക്കേ ണ്ടതാണ്.

# പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന് സർക്കാർ അനുമതി

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിനുള്ള അനുമതി നൽകിയതായി ബഹു. കൃഷി മന്ത്രി ശ്രീ. പി.പ്രസാദ് അറിയിച്ചു. പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷൻ മുൻകാലങ്ങളിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നതെങ്കിലും ഇപ്പോൾ വൈവിധ്യവത്കരണത്തിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും കോർപ്പറേഷനെ ലാഭത്തിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്ന സാഹചര്യത്തിലും മറ്റ് കോർപ്പറേഷനുകളിലെയും സർക്കാരിലെയും വിവിധ വിഭാഗം തൊഴിലാളികളുടെയും ജീവനക്കാരുടെയും ശമ്പളത്തിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുള്ളതിനാലുമാണ് സർക്കാർ ഇക്കാര്യം പരിഗണിച്ചത്. 20.01.2016 ലെ 07/2016 /എശി നമ്പർ ഉത്തരവ് പ്രകാരം 01.04.2016 പ്രാബല്യത്തിൽ ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനയോടെയാണ് പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. പത്ത് വർഷങ്ങൾക്ക് ശേഷമാണ് സ്ഥാപനത്തിൽ ശമ്പള പരിഷ്കരണം നടക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# കേരരക്ഷാവാരം – സംസ്ഥാനതല കാമ്പയിൻ ഒക്ടോബറിൽ

നിലവിലെ തെങ്ങിൻ തോട്ടങ്ങളിലും പുതുതായി സ്ഥാപിച്ചിട്ടുള്ള തോപ്പുകളിലും സംയോജിത സസ്യ സംരക്ഷണ - പരിപാലനമുറകൾ നടപ്പിലാക്കി തെങ്ങിന്റെ ആരോഗ്യ സംരക്ഷണത്തിനായി കൃഷി വകുപ്പ് സംസ്ഥാനത്തുടനീളം കേരളരക്ഷാവാരം ക്യാമ്പയിൻ ഒക്ടോബർ മാസം നടപ്പിലാക്കുകയാണ് . മുൻവർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിലും ഈവർഷം നടപ്പിലാക്കുന്ന പഞ്ചായത്തുകളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരിക്കും ക്യാമ്പയിൻ നടത്തുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, തെങ്ങിൻ തടങ്ങളിൽ പച്ചില വളപ്രയോഗം, പച്ചില വള ലഭ്യതയ്ക്കായി ശീമക്കൊന്ന നടീൽ, കൊമ്പൻ ചെല്ലി -ചെമ്പൻ ചെല്ലി ഉടങ്ങിയ കീടങ്ങളുടെ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം എന്നിവയാണ് ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്. തെങ്ങിൻ തോപ്പുകളിൽ പച്ചിലവള ലഭ്യതയ്ക്കായി 1960-കളിൽ സംസ്ഥാനവ്യാപകമായി നടത്തിയിരുന്ന ശീമക്കൊന്ന വാരാചരണത്തിന്റെ പുനരാവിഷ്കരണം എന്ന നിലക്ക് കൂടി ഈ കാമ്പയിനെ കൃഷിവകുപ്പ് കാണുന്നു. 50 ലക്ഷം ശീമക്കൊന്ന കമ്പുകൾ സംസ്ഥാനവ്യാപകമായി നട്ടുപിടിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. കമ്പ് ഒന്നിന് 2 രൂപ നിരക്കിൽ കർഷകന് നൽകിക്കൊണ്ട് MNREGA, അഗ്രോ സർവീസ് സെന്ററുകൾ, കർമസേന, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ ക്യാമ്പയിൻ നടപ്പിലാക്കും. പയറു വർഗങ്ങൾ ഉൾപ്പെടെയുള്ള പച്ചില ചെടികളുടെ വിത്തുകൾ തെങ്ങിൻ തടങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിന് തടം ഒന്നിന് 6.25 രൂപ സബ്സിഡിയും നൽകുന്നുണ്ട്. കേരഗ്രാമം, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഞങ്ങളും കൃഷിയിലേക്ക് ഉടങ്ങിയ പദ്ധതി ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടായിരിക്കും സംസ്ഥാനതല ക്യാംപെയിൻ നടപ്പിലാക്കുക

# തെരുവുനായ്ക്കളെ പിടിക്കൽ, കുടുംബശ്രീക്കാർക്ക് പരിശീലനം തുടങ്ങി



തിരുവനന്തപുരം ജില്ലാ മൃഗ സംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ നായ പിടുത്തത്തിൽ (ഡോഗ് catching) പരിശീലനം തുടങ്ങി. തിങ്കൾ ചൊവ്വ ദിവസങ്ങളിലാണ് പരിശീലനം. പതിനഞ്ച് പേർവീതമുള്ള ബാച്ചുകളാക്കി തിരിച്ചാണ് പരിശീലനം നൽകുന്നത്.

ജില്ലാ കുടുംബശ്രീ മിഷനിൽ നിന്നും ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുത്ത് ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നുള്ളവർക്കാണ് പരിശീലനം നൽകുന്നത്. കോർപ്പറേഷൻ ഡോക്ടർമാരായ ശ്രീരാഗ്, അഞ്ജു, രാജേഷ് ബാൻ എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

പേട്ട എബിസി സെന്ററിലും കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിലും വെച്ചാണ് ഡോഗ് ക്യാച്ചേഴ്സിന് പ്രായോഗിക പരിശീലനം നൽകുന്നത്. മുൻപ് കുടുംബശ്രീയിൽ ഉണ്ടായിരുന്ന ഡോഗ് ക്യാച്ചേഴ്സിനാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. ഡോഗ് ക്യാച്ചിങ്ങിനൊപ്പം അനിമൽ വെൽഫെയർ ആക്റ്റിനെക്കുറിച്ചും അവബോധം നൽകും. പരിശീലനം ലഭിച്ചവരുടെ സേവനം കോർപ്പറേഷനിൽ തെരുവുനായ്ക്കളെ പിടിയ്ക്കുന്നതിനായും പ്രയോജനപ്പെടുത്തും. ആരോഗ്യ വകുപ്പിൻ്റെ നിർദേശങ്ങൾ പാലിച്ച പ്രതിരോധ കുത്തിവയ്പ്പുകൾ പൂർത്തിയാക്കിയവരാണ് പരിശീലനാർഥികൾ.

പേട്ട മൃഗാശുപത്രിയിൽ വെച്ച് നടന്ന പരിശീലനത്തിന്റെ ഉദ്ഘാ

ടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് ശൈലജ ബീഗം നിർവ്വഹിച്ചു. ജില്ലയിൽ 50000 ത്തോളം തെരുവുനായ്ക്കളുണ്ട് .ഇവയെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലനം കിട്ടിയ ഡോഗ് ക്യാച്ചേഴ്സിന്റെ സഹായത്തോടെ പിടിച്ച് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകാനാണ് ലക്ഷ്യമിടുന്നത് എന്ന് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പറഞ്ഞു.

പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത നായ്ക്കളെ പ്രത്യേകം അടയാളം നൽകി തിരികെ അവയുടെ ആവാസവ്യവസ്ഥയിൽ തന്നെ തുറന്ന് വിടുമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോക്ടർ. ടി. എം. ബീന ബീവി പറഞ്ഞു.ഡോ. ദിലീപ് ഇ, ഡോ. കെ. സി പ്രസാദ്, ഡോ. ആശ ടി. ടി എന്നിവർ സന്നിഹിതരായി.

# പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചു

നായ്ക്കളുടെ പേവിഷപ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഡോഗ് ക്യാച്ചർ/മൃഗപരിപാലകർ എന്നിവർക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടുന്ന നിബന്ധനകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഒരു ഗൈഡ് ലൈൻ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവെയ്പ്പിനുള്ള ഇൻട്രാഡെർമൽ വാക്സിൻ ലഭ്യമായ ആശുപത്രികളുടെ ലിസ്റ്റ് എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും നൽകിയിട്ടുണ്ട്. സെപ്റ്റംബർ 19-20 തീയതികൾ കൊണ്ട് മുഴുവൻ പേർക്കും കുത്തിവെയ്പ്പ് നൽകുന്നതിനുള്ള ക്രമീകരണം ആണ് നടത്തിയിട്ടുള്ളത്. ഉദ്ദേശം അയ്യായിരത്തോളം പേർക്കാണ് മുൻകൂറായി പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നത്. ഇപ്രകാരം കുത്തിവയ്പ്പ് നടത്തുന്നതിന് പ്രസ്തുത കേന്ദ്രങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്കും മറ്റു പ്രവർത്തകർക്കും മുൻകർ പരിഗണന ലഭിയ്ക്കുന്നതാണ്. തെരുവുനായ്ക്കളുടെ കടിയേൽക്കുന്ന പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും അടിയന്തിര സാഹചര്യങ്ങളിൽ ഇമ്മ്യൂണോഗ്ലോബുലിൻ ചികിത്സ സ്വകാര്യ ആശുപത്രികളിൽ നിന്ന് ചെയ്യേണ്ടി വന്നാൽ പ്രസ്തുത ചെലവ് വകുപ്പ് വഹിക്കുന്നതാണ്. പ്രതിരോധ കുത്തിവെയ്പ്പ് പൂർണ്ണമായും സ്വീകരിച്ച വ്യക്തികളെ മാത്രമേ വകുപ്പ് തെരുവുനായ്ക്കളുടെ കുത്തിവെയ്പ്പിനായി നിയോഗിയ്ക്കുകയുള്ളൂ.

# വാഴയിലെ വൈറസ് രോഗങ്ങൾ

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കർഷകർ കൃഷി ചെയ്യുന്ന ഒരു ഫലവർഗ്ഗമാണ് വാഴ. മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട ഒരു പഴവർഗ്ഗവും. സീസൺ അറിഞ്ഞ് കൃഷി ചെയ്തു കഴിഞ്ഞാൽ നല്ല ലാഭമുള്ള ഒരു കൃഷിയാണ് വാഴകൃഷി. വ്യവസായിക അടിസ്ഥാനത്തിലും വീട്ടാവശ്യത്തിനും മറ്റ് പല ആവശ്യങ്ങൾക്കുമായി വായ കൃഷി ചെയ്യുന്ന കർഷകർ ധാരാളം ഉണ്ട്. വ്യവസായിക അടിസ്ഥാനത്തിൽ വാഴ കൃഷി ചെയ്യുന്ന കർഷകരിൽ 70% ത്തിലധികം പാട്ടത്തിനു സ്ഥലം എടുത്ത് കൃഷി ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ സാധാരണ കൃഷിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ എല്ലാം തന്നെ ഈ കർഷകരെ സാമ്പത്തികമായും ബാധിക്കാറുണ്ട്. അതിനു പ്രധാനപ്പെട്ട ഒന്നാണ് രോഗകീട ആക്രമണം എന്നാൽ അല്പം ശ്രദ്ധ ചെലുത്തി പ്രതിരോധ മാർഗങ്ങൾ അവലംബിച്ചാൽ രോഗബാധയും കീടബാധയും പൂർണമായും തന്നെ നമുക്ക് ചെറുക്കാനാകും. രോഗബാധയിൽ വാഴ കൃഷിയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വൈറസ് രോഗങ്ങൾ. ഇത് യഥാസമയം തിരിച്ചറിയാൻ കഴിയണം എന്നുള്ളതാണ് പ്രധാനം. ഇതു തിരിച്ചറിഞ്ഞ് സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയാണെങ്കിൽ വൈറസ് രോഗബാധ പൂർണമായി ചെറുക്കാനും കഴിയും എന്നുള്ളതാണ് യാഥാർത്ഥ്യം.

വൈറസ് രോഗങ്ങൾക്ക് നേരിട്ട് ചികിത്സാ മാർഗങ്ങൾ ഇല്ല എന്നുള്ളത് നമുക്കറിയാവുന്നതാണ് എന്നാൽ ഈ രോഗങ്ങൾ പടരാതെ നമുക്ക് വിളകളെ സംരക്ഷിക്കാനാകും. അതിന് ഈ രോഗങ്ങൾ ഏതെല്ലാം എന്നു കൂടി കർഷകർ തിരിച്ചറിയണം. വാഴയെ ബാധിക്കുന്ന പ്രധാന വൈറസ് രോഗങ്ങൾ ഏതെല്ലാമെന്ന് നോക്കാം.

### (1) ബനാന ബ്രാക്ക് മൊസേക് രോഗം

നമ്മുടെ വാഴത്തോട്ടങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഒരു വൈറസ് രോഗമാണ് കൊക്കാൻ എന്ന പേരിൽ അറിയപ്പെടുന്ന ബനാന ബ്രാക്ക് മൊസൈക് രോഗം. നേന്ത്രൻ,





പാളയംകോടൻ, പൂവൻ, ചെങ്കദളി, റോബസ്റ്റ ഉൾപ്പെടെ പ്രധാന വാഴയിനങ്ങളിലെല്ലാം തന്നെ കൊക്കാൻ രോഗം കണ്ടുവരുന്നുണ്ട്.

ബനാന ബ്രാക്ക്ട് വൈറസ് എന്ന ഒരിനം സൂക്ഷ്മാണുവാണ് ഈ രോഗത്തിന് കാരണം. ഒരിനം ചെറിയ ഏഫിഡുകളാണ് രോഗം പരത്തുന്നത്. രോഗം ബാധിച്ച കന്ന് നടാൻ ഉപയോഗിക്കുന്നതിലൂടെയും രോഗം പകരുന്നുണ്ട്.

വാഴയിനങ്ങൾ അനുസരിച്ച് രോഗലക്ഷണങ്ങളിലും വ്യത്യാസമുണ്ടാകാറുണ്ട്. നേന്ത്രനിൽ പുറംപോളകളിൽ ഒരു ചുവന്ന നിറം താഴെ നിന്നും മുകളിലേക്ക് നീളത്തിൽ കാണപ്പെടുന്നു. റോബസ്റ്റ, ചെങ്കദളി ഇനങ്ങളിൽ ഇതു കുറച്ചുകൂടി ഇരുണ്ട നിറമായിരിക്കും. പുറംപോളകൾ തടയിൽ നിന്നും ഇളകി മാറി ഒടിയുന്ന ലക്ഷണങ്ങളും കണ്ടു വരാറുണ്ട്. ചില വാഴകളിൽ ഇലകൾ ഇരുവശങ്ങളിലേക്കു മാത്രം ഒതുങ്ങി നിവർന്നു നിൽക്കുന്നതും കാണാം. രോഗം ബാധിച്ച വാഴയുടെ കുലകൾ ശോഷിച്ച് തൂക്കം കുറഞ്ഞിരിക്കും. വാഴക്കുമ്പിന്റെ പുറം പോളകളിലും മൊസേക് പോലെ നിറ വ്യത്യാസം കാണാൻ കഴിയും.

## 2.കുമ്പടപ്പ് അഥവാ കുറുനാമ്പു രോഗം

വാഴ കൃഷിയിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഒരു വൈറസ് രോഗമാണ് കുമ്പടപ്പുരോഗം. കർഷകർക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കിയേക്കാവുന്ന ഒരു രോഗം കൂടിയാണ് കുറുനാമ്പു രോഗം. നാമ്പിലകൾ വിടർന്നു വരുന്നതിനുള്ള കാലതാമസവും വിടർന്നു വരുന്നവ കുത്തനെ മുകളിലേക്ക് നിൽക്കുകയും ചെയ്യുന്നതാണ് രോഗത്തിന്റെ ഏറ്റവും പ്രകടമായ ലക്ഷണം. ഇതു കൂടാതെ നാമ്പിലയുടെ അടിഭാഗത്ത് തണ്ടിനോട് ചേർന്ന് ഇല ഞരമ്പുകളിലും തണ്ടിലും ഉണ്ടാകുന്ന കടും പച്ച നിറത്തിലുള്ള പൊട്ടുകളും വരകളും സൂക്ഷ്മമായ ചില ലക്ഷണങ്ങളാണ്.

ഇളം പ്രായത്തിൽ വാഴകൾക്ക് രോഗം പിടിപെട്ടാൽ മുരടിച്ച് വളർച്ച നിന്നു പോകുകയും കുലയ്ക്കുന്നതിനു മുൻപാണെങ്കിൽ കുലകൾ ചെറുതായിരിക്കുകയും ചെയ്യും.

## 3.ബനാന സ്ട്രീക്ക് രോഗം

പാളയംകോടൻ ഇനത്തിൽപ്പെട്ട വാഴകളിലാണ് കൂടുതലായും ഈ വൈറസ് രോഗം കാണപ്പെടുന്നത്.

മഞ്ഞ നിറത്തിലുള്ള ചെറിയ പാടുകൾ ഇലകളിൽ പ്രത്യക്ഷപ്പെടുന്നതാണ് പ്രധാന ലക്ഷണം. കാലക്രമേണ ഈ പാടുകൾ മഞ്ഞ വരകളായി ഇരുണ്ട നിറമായും മാറുന്നു. ഇല തണ്ടുകളിലും വാഴ തടകളിലും ഇത്തരം അടയാളം കാണപ്പെടാറുണ്ട്. ഇലകൾ പിന്നീട് ചീഞ്ഞുപോകുന്ന അവസ്ഥയും എത്താറുണ്ട്.

## 4. മൊസേക്ക് രോഗം

കുക്കുമ്പർ മൊസേക്ക് വൈറസ് എന്ന ഒരിനം സൂക്ഷ്മാണുക്കൾ പരത്തുന്ന രോഗമാണ് ഇൻഫെക്ഷിയസ് ക്ലോറോസിസ് എന്നറിയപ്പെടുന്ന മൊസേക്ക് രോഗം അടുത്തകാലത്തായി ഇത് സാധാരണയായി വാഴത്തോട്ടങ്ങളിൽ കാണപ്പെടാറുണ്ട്. ഏഫിഡുകളാണ് രോഗം പരത്തുന്നത്.

പ്രായം കുറഞ്ഞ വാഴയിലകളിലാണ് കൂടുതലും ഈ രോഗം ആദ്യം കാണപ്പെടാറുള്ളത്. ഇലകളുടെ അരികുകൾ അകത്തേക്ക് ചുരുളുന്നത് കാണാം. ഇലകളിൽ മഞ്ഞയും പച്ചയും ഇടകലർന്ന മൊസേക്ക് വരകളുടെ രൂപത്തിലാണ് രോഗലക്ഷണങ്ങൾ ആദ്യം പ്രത്യക്ഷപ്പെടാറുള്ളത്. പിന്നീട് മറ്റിലകളിലേക്കും രോഗം വ്യാപിക്കും. വിരിയാത്ത ഇലകൾ ചിലപ്പോൾ ചീഞ്ഞു പോകാറുമുണ്ട്.

വൈറസ് രോഗങ്ങളുടെ നിയന്ത്രണ മാർഗങ്ങൾ

- കന്നുകൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധ ചെലുത്തുക. രോഗം ബാധിച്ച വാഴകളിൽ നിന്നുമുള്ള കന്നുകൾ പൂർണമായും ഒഴിവാക്കുക.
- കുലച്ച വാഴകളിൽ രോഗബാധയുണ്ടായാൽ പെട്ടെന്ന് ലക്ഷണങ്ങൾ കണ്ടെന്ന് വരില്ല. എന്നാൽ കുമ്പിലെ വിരിയാത്ത പോളകളിൽ നിറവ്യത്യാസം ഉണ്ടാകും. ഈ ലക്ഷണങ്ങൾ ഉള്ള വാഴയുടെ കന്നുകളും ഒഴിവാക്കേണ്ടതാണ്.
- വാഴയിൽ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനെ തന്നെ അവ നശിപ്പിച്ച കത്തിച്ചു കളയുകയോ, പിഴുതെടുത്ത് കുഴിച്ചുമൂടുകയോ ചെയ്യണം.
- രോഗബാധയുള്ള പ്രദേശങ്ങളിൽ പ്രത്യേക ഇടവേളകളിൽ വൈറസ് പരത്തുന്ന ഇല പേനുകൾ പോലുള്ള സൂക്ഷ്മജീവികളെ നശിപ്പിക്കുന്നതിനായി ജൈവ കീടനാശിനികൾ, സോപ്പുവെള്ളം എന്നിവ പോളകൾക്കിടയിൽ ഒഴിച്ചു കൊടുക്കുന്നത് നല്ലതാണ്.
- വാഴത്തോട്ടങ്ങളെപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
- ആവശ്യമില്ലാത്തതും, ആരോഗ്യമില്ലാത്തതുമായ വാഴകൾ വളർന്നുവരുന്നത് പ്രോത്സാഹിപ്പിക്കാതിരിക്കുക.
- വാഴത്തോട്ടങ്ങളിൽ കള നിയന്ത്രണം ഉറപ്പാക്കുക. കാരണം കളകൾ പലപ്പോഴും വൈറസുകളുടെയും വൈറസ് വാഹകരായ ജീവികളുടെയും ഇടത്താവളമായി പ്രവർത്തിക്കുന്നുണ്ട്. അതിനാൽ തോട്ടം എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.
- വെള്ളരി വർഗ്ഗവിളകൾ വാഴയിൽ ഇടവിളയായി കൃഷി ചെയ്യുന്നത് ഒഴിവാക്കുക.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Saritha Vijayan., Design & Layout : Maya Santhosh